# EQUIP 2023

(Educational Quality Improvement Programme for class ten)

## QUESTION POOL



## Student Support Material for Class Ten

ADISTHANA PADAVALI

DIET KASARAGOD

**EQUIP - DIET KASARAGOD**

**SSLC EXAMINATION - MARCH 2023**

# മലയാളം II
# അടിസ്ഥാന പാഠാവലി

Time : 1½ Hrs. Maximum Score : 40

**നിർദ്ദേശങ്ങൾ**

* 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കണം.
* ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കിയതിന് ശേഷം ഉത്തരം എഴുതുക.
* ഉത്തരം എഴുതുവാൻ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

ഭാഗം 1

**എ) ഒന്നുമുതൽ ആറുവരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ശരിയായ ഉത്തരമെഴുതുക. (1 സ്കോർ)** **(4x1=4)**

1. "ഏനു മേണ്ട"

"എന്നാല് ഏനും കുടിക്കത്തില്ല."

"ഏന് മയറ്റില് ഒരു കമ്പിതമെടീ."

– കോരന്റെയും ചിരുതയുടെയും ഈ സംഭാഷണത്തിൽ തെളിയുന്ന ഭാവമെന്ത്?

എ) അമർഷം ബി) വിശ്വാസക്കുറവ്

സി) പരസ്പരസ്നേഹം ഡി) പരാശ്രയത്വം

2. "അതോർത്ത് ഞ്ഞ് വെഷമിക്കേണ്ട. ഞാനിവിടെ ഒറ്റയ്ക്കാണെന്ന് എനിക്ക് തോന്നീട്ടില്ല."

'ഓരോ വിളിയും കാത്ത്' എന്ന കഥയിലെ അമ്മ ഇങ്ങനെ പറയാൻ കാരണമെന്ത്?

എ) മകനോടൊപ്പം നഗരത്തിൽ പോകുന്നതിലുള്ള ദുഃഖം

ബി) അച്ഛന്റെ ഓർമ്മകൾ നിറഞ്ഞുനിൽക്കുന്ന വീട്ടിൽ താൻ തനിച്ചല്ല എന്ന ചിന്ത

സി) മകൻ തന്റെ കൂടെ താമസിക്കണമെന്ന അമ്മയുടെ ആഗ്രഹം

ഡി) താൻ ഈ വീട്ടിലെ താമസിക്കൂ എന്ന അമ്മയുടെ പിടിവാശി

3. ആകാശഗോപുരങ്ങൾക്കു താഴത്തവ

നാളേക്കുവേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നു.

'ആകാശഗോപുരം' എന്ന പദം വിഗ്രഹിച്ചെഴുതിയാൽ ശരിയായതേത്?

എ) ആകാശവും ഗോപുരവും



DIET KASARAGOD

ബി) ആകാശം കൊണ്ടുള്ള ഗോപുരം

സി) ആകാശമാകുന്ന ഗോപുരം

ഡി) ആകാശത്തിലെ ഗോപുരം

4. അതാ ആകാശം ഉരുമ്മി ഒരു മാവ് നിൽക്കുന്നു. അതിനെ 'കുരുടിച്ചി' എന്നാണു വിളിക്കുന്നത്.

'കുരുടിച്ചി' എന്ന പേര് വരാൻ കാരണമായി ലേഖകൻ പറയുന്നതെന്ത്?

എ) മാങ്ങയുടെ വലുപ്പവും മാധുര്യവും

ബി) മാവിന്റെ ഉയരവും വണ്ണവും

സി) കേടായ മാങ്ങകൾ മാത്രം ലഭിക്കുന്നത്

ഡി) കൊച്ചു ചക്കരച്ചിയെപ്പോലെ മാധുര്യമുള്ള മാങ്ങകൾ ലഭിക്കാത്തത്

5. 'ഏതുമുറങ്ങാതെമ്പാടും വയ-
ലേലകൾതോറും നടുവിൽ പൊൽക്കിഴി
യെരിയും വെള്ളിത്താലമെടുത്തു നി-
രന്നു ലസിച്ചൂ....'

മഹാബലിയെ എതിരേൽക്കാൻ ഇങ്ങനെ ഒരുങ്ങിനിൽക്കുന്നതാര്?

എ) മുക്കുറ്റി ബി) തുമ്പ

സി) നെയ്യാമ്പലുകൾ ഡി) കവുങ്ങുകൾ

DIET KASARAGOD

6. വല്ല്യമ്മ മർക്കോസിനെ കെട്ടിപ്പിടിച്ച് ഉമ്മകൊടുത്തിട്ട് പറഞ്ഞു: "എന്റെ മകനേ, ഈ നന്ദികെട്ടവരുടെ ഇടയീന്ന് കർത്താവെന്നെയങ്ങു വിളിച്ചിരുന്നെങ്കിൽ!"

കഥാന്ത്യത്തിലെ വല്ല്യമ്മയുടെ പെരുമാറ്റം നമുക്ക് നൽകുന്ന സന്ദേശമെന്ത്?

എ) നാം ശരിയുടെ പക്ഷത്ത് നിൽക്കണം

ബി) തിന്മ ചെയ്യുന്നവരെ സംരക്ഷിക്കണം

സി) സ്വന്തം മക്കളെ ആപത്തിൽ കൈവിടരുത്

ഡി) അയൽക്കാരെ വിശ്വസിക്കരുത്

**ബി) 7 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. (1 സ്കോർ)**

**(3x1=3)**

7. അധഃസ്ഥിത സമുദായങ്ങൾക്ക് വേണ്ടതെന്നു ശ്രീനാരായണഗുരു കൂടെ കൂടെ പറഞ്ഞതിൽ പെടാത്തതേത്?

എ) വിദ്യാഭ്യാസം ബി) ജാതിചിന്ത

സി) വ്യവസായം ഡി) സംഘടന

8. നന്മകൾ കേട്ടതു കണ്ടതു
ചൊല്ലാൻ നാക്കിനു കഴിയട്ടെ
തിന്മകൾ കണ്ടാൽ കൊത്തിക്കീറാൻ
കൊക്കിനു കഴിയട്ടെ

- തത്തമ്മ

ഈ വരികൾ എഴുതിയതാര്?

എ) വൈലോപ്പിള്ളി ബി) റഫീക്ക് അഹമ്മദ്

സി) വി. മധുസൂദനൻ നായർ ഡി) അയ്യപ്പപണിക്കർ

9. ഒരു ഞായറാഴ്ച്ച പള്ളിയിൽ നിന്നും വന്നുകയറുമ്പോൾ ചാക്കുണ്ണിയുണ്ട് മുറ്റത്ത് നിൽക്കുന്നു. അയാളുടെ കൈയിൽ ഒരു ചെറിയ കടലാസ് പൊതിയുമുണ്ടായിരുന്നു.

ചാക്കുണ്ണി വന്നതിന്റെ ഉദ്ദേശ്യമെന്തായിരുന്നു?

എ) പണയമുതൽ തിരിച്ചെടുക്കൽ

ബി) ബാറ്ററി മത്തായിയെ ഏൽപ്പിക്കൽ

സി) ബാലമണ്ഡലം കേൾക്കൽ

ഡി) മകൻ മരിച്ച വിവരം മത്തായിയെ അറിയിക്കൽ

DIET KASARAGOD

## ഭാഗം 2

**എ) ചുവടെ കൊടുത്ത ചോദ്യത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

**(2 സ്കോർ)**

10. ‘പിന്നെയും മുന്നോട്ട്, വെട്ടമില്ലാളില്ല
കുട്ടിയേകാന്തത കണ്ണുപൊത്തിക്കളി-
ക്കുന്ന വിദ്യാലയമുറ്റമുണ്ടൊന്നിനി’

- വിദ്യാലയമുറ്റത്തെത്തിയപ്പോൾ മകന്റെ മനസിലൂടെ കടന്നുപോയ ചിന്തകൾ എന്തെല്ലാം?

**ബി) 11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക.**

**(2 സ്കോർ)**

11. അർത്ഥവ്യത്യാസം വരാതെ രണ്ട് വാക്യങ്ങളാക്കുക.

പത്രം അസത്യമാണെന്നറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായിത്തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നു.

12. 'നാദമായ് വന്നെന്റെ നാവിലെത്തേനായി,

നാഭിയിൽ സ്പന്ദിച്ചതീയുള്ളെഴുത്തുകൾ'

അമ്മയുടെ എഴുത്തുകളിൽ പറയുന്ന ഏതെങ്കിലും രണ്ടു കാര്യങ്ങൾ എഴുതുക?

## ഭാഗം 3

**എ) 13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് നാലു വാക്യങ്ങളിൽ കുറയാതെ ഉത്തരമെഴുതുക. (3 സ്കോർ) (3x3=9)**

13. ♦ 'നെല്ലില്ല. പിശാശുക്കള്! നെല്ലുകൊണ്ടു ചെന്ന് വല്ല പീടികയിലും പെട്ട വിലയ്ക്ക് വിൽക്കാനാണ്.'

♦ 'അല്ല തമ്പ്രാ! അത്താഴക്കരിക്കാടിക്കാ.'

'പോ! പോ!'

- പ്ലാവിലക്കഞ്ഞി

ഈ സംഭാഷണ ഭാഗം അക്കാലത്തെ ഏതെല്ലാം സാമൂഹ്യാവസ്ഥകളിലേക്കാണ് വിരൽചൂണ്ടുന്നത്? വിശകലനക്കുറിപ്പ് തയാറാക്കുക.

DIET KASARAGOD

14. ♦ അച്ഛന്റെ മരണത്തോടുകൂടി വീട്ടിൽ നിന്ന് എന്തെല്ലാമോ ചോർന്നു പോയതുപോലെ

♦ കിടപ്പിലായപ്പോൾ പോലും ആ വീടിന്റെ ഓരോ കാര്യത്തിലും അച്ഛൻ ഏറെ ശ്രദ്ധിച്ചിരുന്നു.

വീടുമായുള്ള അച്ഛന്റെ ആത്മബന്ധം കഥാകാരൻ ചിത്രീകരിക്കുന്നതെങ്ങനെ? ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കുക.

15. "കൊച്ചു ചക്കരച്ചി വീഴില്ല. വീണാലും അവൾ ആപത്തു വരുത്തുകയില്ല" എന്ന ഒറ്റ ഉറച്ച നിലയായിരുന്നു അമ്മയ്ക്ക്.

അമ്മ ഇങ്ങനെ ഉറച്ച് വിശ്വസിക്കുന്നതെന്തുകൊണ്ടാവാം? നിങ്ങളുടെ അഭിപ്രായം ഒരു കുറിപ്പായെഴുതുക.

16. 'ഓണമുറ്റത്ത്' എന്ന കവിതയിൽ ഓണത്തെ വരവേൽക്കുന്ന മലയാളക്കരയെ കവി വർണ്ണിക്കുന്നതെങ്ങനെയെല്ലാം? വരികളിലെ ചമത്കാരഭംഗി ഉദാഹരണ സഹിതം വ്യക്തമാക്കുമല്ലോ?

**ബി) ചുവടെ കൊടുത്ത ചോദ്യത്തിന് നാലുവാക്യങ്ങളിൽ കുറയാതെ ഉത്തരമെഴുതുക. (3 സ്കോർ)**

17. 'പത്രമില്ലാതെയുള്ള ഭരണത്തെക്കാൾ താൻ അഭിലഷിക്കുക ഭരണമില്ലാതെ പത്രമുള്ള അവസ്ഥയെയാണ്.'

ജഫഴ്സന്റെ ഈ അഭിപ്രായം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

## ഭാഗം 4

**എ) 18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിൽ അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ) (2x4=8)**

18. സാധാരണക്കാരുടെ ദൈനംദിന ജീവിതത്തിലെ കൊച്ചു കൊച്ചു സംഭവങ്ങളിലൂടെ വികസിക്കുന്ന 'കോഴിയും കിഴവിയും' എന്ന കഥ മഹത്തരമാകുന്നത് അതിൽ നിറഞ്ഞു നിൽക്കുന്ന മാനുഷിക ഭാവങ്ങളുടെ ആവിഷ്കാരത്തിലാണ്.

പാഠസന്ദർഭങ്ങൾ വിശകലനം ചെയ്ത് ആസ്വാദനം തയാറാക്കുക.

DIET KASARAGOD

19. വാർദ്ധക്യകാലത്ത് മക്കളിൽ നിന്ന് സ്നേഹവും പരിചരണവും ലഭിക്കേണ്ടവരാണ് മാതാപിതാക്കൾ.

'ഓരോ വിളിയും കാത്ത്', 'അമ്മത്തൊട്ടിൽ' എന്നീ പാഠഭാഗങ്ങളും സമകാല സാഹചര്യങ്ങളും ഉൾപ്പെടുത്തി സ്വാഭിപ്രായക്കുറിപ്പ് തയാറാക്കുക.

20. 'അപ്പൊ നമ്മുടെ വേരുകളോ
അതും അമ്മയായ ഭൂമിയിൽതന്നെ'

'വേരുകൾ' എന്ന കഥ വിശകലനം ചെയ്ത് 'നമ്മുടെ വേരുകൾ' എന്ന പ്രയോഗത്തിന്റെ സാധുത പരിശോധിക്കുക.

**ബി) ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക. (അരപ്പുറം – 4 സ്കോർ) (1x4=4)**

21. "എന്റെ കണക്കൊക്കെ തെറ്റീലോ മത്തായി മൂപ്പരേ, ഒക്കെ നിങ്ങള് എഴുതിവയ്ക്കണം."

'പണയം' എന്ന കഥയിലെ ചാക്കുണ്ണിയുടെ വാക്കുകളാണിത്. തയ്യൽക്കാരൻ ചാക്കുണ്ണിയുടെ കഥാപാത്ര നിരൂപണം തയാറാക്കുക.

22. “മതമേതായാലും കൊള്ളാം, മനുഷ്യൻ നന്നായാൽ മതി”, “ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്” തുടങ്ങിയ ശ്രീനാരായണഗുരു സന്ദേശങ്ങളുടെ സമകാലിക പ്രസക്തി ഒരു കുറിപ്പായെഴുതുക.

## ഭാഗം 5

**ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 സ്കോർ)**

**(1x5=5)**

23.
- പട്ടിണിയിലും ചൂഷണങ്ങളിലും പെട്ട് നട്ടം തിരിയുമ്പോഴും സ്നേഹം കൊണ്ട് ജീവിതം സമൃദ്ധമാക്കുന്നവരാണ് ‘പ്ലാവിലക്കഞ്ഞി’യിലെ കോരനും ചിരുതയും.
- അടുത്തടുത്ത് താമസിച്ചിട്ടും കിടമത്സരത്താൽ പരസ്പരം അകന്നു പോയവരാണ് ‘കോഴിയും കിഴവിയും’ എന്ന കഥയിലെ മത്തായിയും മർക്കോസും.

രണ്ടു പാഠഭാഗങ്ങളിലെയും സന്ദർഭങ്ങൾ വിശകലനം ചെയ്ത് ‘പരസ്പര സ്നേഹത്തിന്റെ പ്രാധാന്യം’ എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

DIET KASARAGOD

24. കേരളത്തിലെ നാട്ടുനന്മയുടെ എന്തെല്ലാം കാഴ്ചകളാണ് ‘കൊച്ചുചക്കരച്ചി’ എന്ന ഉപന്യാസത്തിൽ നമുക്ക് കാണാൻ കഴിയുന്നത്? നമ്മുടെ ഗ്രാമഭംഗിയും സംസ്കാരവും കൈമോശം വരാതെ നമുക്കെങ്ങനെ കാത്തുസൂക്ഷിക്കാനാവും? നിങ്ങളുടെ പ്രതികരണം ഒരു കുറിപ്പായെഴുതുക.

***

**EQUIP - DIET KASARAGOD**

**SSLC EXAMINATION - MARCH 2023**

**മലയാളം II**

Time : 1½ Hrs. **അടിസ്ഥാന പാഠാവലി** Maximum Score : 40

# ഉത്തരസൂചിക

## ഭാഗം 1

**എ)** **(4x1=4)**

1. സി) പരസ്പരസ്നേഹം
2. ബി) അച്ഛന്റെ ഓർമ്മകൾ നിറഞ്ഞുനിൽക്കുന്ന വീട്ടിൽ താൻ തനിച്ചല്ല എന്ന ചിന്ത
3. സി) ആകാശമാകുന്ന ഗോപുരം
4. എ) മാങ്ങയുടെ വലുപ്പവും മാധുര്യവും
5. സി) നെയ്യാമ്പലുകൾ
6. എ) നാം ശരിയുടെ പക്ഷത്ത് നിൽക്കണം

DIET KASARAGOD

**ബി)** **(3x1=3)**

7. ബി) ജാതിചിന്ത
8. ഡി) അയ്യപ്പപണിക്കർ
9. സി) ബാലമണ്ഡലം കേൾക്കൽ

## ഭാഗം 2

**എ)** **(1x2=2)**

10. 1 - വിദ്യാലയത്തിൽ ആദ്യമായി പോയപ്പോൾ പൊട്ടിക്കരഞ്ഞതും, ശഠിച്ചതും കുതറിയോടിയതും

 2 - ഉച്ചയാകുംവരെ ചുറ്റുമതിലിനപ്പുറത്ത് അമ്മ പോകാതെ കാത്തുനിന്നത്.

**ബി)** **(1x2=2)**

11. 1. പത്രം അസത്യമാണെന്നറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുന്നു.

 2. അത് സത്യമായിത്തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചു കൊണ്ടിരിക്കുന്നു.

12. വാത്സല്യം, ഉത്കണ്ഠ, സാരോപദേശങ്ങൾ, വേദന, പ്രാർത്ഥന, നാമസങ്കീർത്തനം.......... മരുന്നു കുറിപ്പുകൾ വരെയുള്ളവയിൽ.

 ഏതെങ്കിലും രണ്ടെണ്ണം എഴുതണം.

## ഭാഗം 3

**എ)** **(3x3=9)**

13. വിശകലനക്കുറിപ്പ്

* സംഭാഷണം വിശകലനം ചെയ്തിട്ടുണ്ട്.
* സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്.
* സാമൂഹ്യാവസ്ഥ പ്രതിപാദിച്ചിട്ടുണ്ട്.
* ഘടന പാലിച്ചിട്ടുണ്ട്. (തുടക്കം, ഒടുക്കം)

14. കുറിപ്പ്

* സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്.
* ചിത്രീകരണത്തിന്റെ സവിശേഷത വ്യക്തമാക്കിയിട്ടുണ്ട്.
* ഉദാഹരണങ്ങൾ എഴുതിയിട്ടുണ്ട്.

15. അഭിപ്രായക്കുറിപ്പ്

* സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്.
* പ്രകൃതിയെ സ്നേഹിച്ചാൽ അത് ചതിക്കില്ല എന്ന കാര്യം വ്യക്തമാക്കിയിട്ടുണ്ട്.
* സ്വന്തം അഭിപ്രായം എഴുതിയിട്ടുണ്ട്.

DIET KASARAGOD

16. കുറിപ്പ്

* വർണ്ണനയുടെ സവിശേഷതകൾ വ്യക്തമാക്കീട്ടുണ്ട്.
* സാദൃശ്യ ഭംഗി തിരിച്ചറിഞ്ഞിട്ടുണ്ട്.
* സന്ദർഭങ്ങൾ/വരികൾ ഉദാഹരിച്ചിട്ടുണ്ട്.
* ചമത്കാര ഭംഗി വ്യക്തമാക്കീട്ടുണ്ട്.

**ബി)** **(1x3=3)**

17. വിശകലനക്കുറിപ്പ്

* അഭിപ്രായത്തിന്റെ സാധുത പരിശോധിച്ച് വിശകലനം ചെയ്തിട്ടുണ്ട്.
* ആശയവ്യക്തത വരുത്തിയിട്ടുണ്ട്.
* ഘടന പാലിച്ചിട്ടുണ്ട്. (തുടക്കം, ഒടുക്കം)
* ഉചിതമായ ഭാഷയിൽ എഴുതിയിട്ടുണ്ട്.

## ഭാഗം 4

**എ)** **(2x4=8)**

18. ആസ്വാദനക്കുറിപ്പ്

* 'കോഴിയും കിഴവിയും' എന്ന കഥയിലെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.
* അയൽക്കാർ തമ്മിലുള്ള പിണക്കത്തിനിടയായ കൊച്ചുകൊച്ചു സംഭവങ്ങൾ വ്യക്തമാക്കീട്ടുണ്ട്.
* മർക്കോസിന്റെയും മത്തായിയുടെയും കുടുംബങ്ങൾ തമ്മിലുള്ള പരസ്പരാശ്രയത്വത്തിന്റെ നന്മ മനസ്സിലാക്കിയിട്ടുണ്ട്.
* സന്ദർഭങ്ങൾ വിശകലനം ചെയ്ത് മാനുഷിക ഭാവങ്ങളായ സ്നേഹം, വഴക്ക്, വാത്സല്യം, നന്മ എന്നിവയ്ക്ക് കഥയിലുള്ള പ്രാധാന്യം കണ്ടെത്തിയിട്ടുണ്ട്.
* ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്.
(പദങ്ങൾ, പ്രയോഗങ്ങൾ, ചെറുവാക്യങ്ങൾ)

DIET KASARAGOD

19. സ്വാഭിപ്രായക്കുറിപ്പ്

* തന്നിരിക്കുന്ന വിഷയത്തിന്റെ പ്രാധാന്യം വ്യക്തമാക്കിയിട്ടുണ്ട്.
* 'അമ്മത്തൊട്ടിൽ', 'ഓരോ വിളയും കാത്ത്' എന്നീ പാഠഭാഗങ്ങളിലെ മാതാപിതാക്കളുടെ പ്രാധാന്യവും മക്കൾ അവരോട് കാണിക്കുന്ന സ്വഭാവവും വ്യക്തമാക്കിയിട്ടുണ്ട്.
* സമകാലിക സാഹചര്യവുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്.
* സ്വന്തം അഭിപ്രായം വ്യക്തമാക്കിയിട്ടുണ്ട്.
* ഉചിതമായ ഭാഷയിൽ (പദങ്ങൾ, പ്രയോഗങ്ങൾ, ഉദ്ധരണികൾ) അവതരിപ്പിച്ചിട്ടുണ്ട്.

20.
* 'വേരുകൾ' എന്ന കഥ വിശകലനം ചെയ്തിട്ടുണ്ട്.
* പ്രകൃതിയും മനുഷ്യനും തമ്മിലുണ്ടാവേണ്ട പാരസ്പര്യം വ്യക്തമാക്കിയിട്ടുണ്ട്.
* മണ്ണിനോടും സഹജീവികളോടും മനുഷ്യൻ ഇടപെടേണ്ടതെങ്ങനെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്.
* 'നമ്മുടെ വേരുകൾ' എന്ന പ്രയോഗത്തിന്റെ സവിശേഷത തിരിച്ചറിഞ്ഞിട്ടുണ്ട്.
(മനുഷ്യന്റെ നിലനിൽപ്, വേരും ഭൂമിയും തമ്മിലുള്ള ബന്ധം, ബന്ധമറ്റു പോകുമ്പോൾ എത്ര വലിയ വൃക്ഷവും അടിതെറ്റി വീഴും)
* സംക്ഷിപ്തമായി എഴുതീട്ടുണ്ട്.

**ബി)** **(1x4=4)**

21. കഥാപാത്രനിരൂപണം

* പണയം എന്ന കഥയിലെ തയ്യൽക്കാരൻ ചാക്കുണ്ണിയുടെ സ്ഥാനം വ്യക്തമാക്കിയിട്ടുണ്ട്.
* കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ അവതരിപ്പിച്ചിട്ടുണ്ട്.
* കഥാപാത്രം മറ്റുള്ളവരോട് എങ്ങനെ ഇടപെടുന്നുവെന്ന് വിശദീകരിച്ചിട്ടുണ്ട്.
* ആശയവ്യക്തതയോടെ സംക്ഷിപ്തമായി ലളിതമായ ഭാഷയിൽ എഴുതിയിട്ടുണ്ട്.

22. കുറിപ്പ്

* ശ്രീനാരായണ ഗുരുവിനെക്കുറിച്ചും അദ്ദേഹത്തിന്റെ സന്ദേശങ്ങളെക്കുറിച്ചും മനസ്സിലാക്കിയ കാര്യങ്ങൾ വ്യക്തമായി അവതരിപ്പിച്ചിട്ടുണ്ട്.
* സമകാലിക പ്രസക്തി വ്യക്തമാക്കിയിട്ടുണ്ട്.
* ആവശ്യമായ ഉദാഹരണങ്ങൾ ഉൾകൊള്ളിച്ചിട്ടുണ്ട്.
* സംക്ഷിപ്തമായി അവതരിപ്പിച്ചിട്ടുണ്ട്.

DIET KASARAGOD

## ഭാഗം 5 (1x5=5)

23. ഉപന്യാസം

* വിഷയത്തിന്റെ പ്രാധാന്യം വ്യക്തമാക്കിയിട്ടുണ്ട്.
* പ്ലാവിലക്കഞ്ഞി, കോഴിയും കിഴവിയും എന്നീ പാഠഭാഗങ്ങളിലെ സന്ദർഭങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്.
* കുടുംബസ്നേഹം, അയൽക്കാർ തമ്മിലുള്ള സ്നേഹം എന്നിവയുടെ പ്രാധാന്യം വ്യക്തമാക്കിയിട്ടുണ്ട്.
* ഘടന (തലക്കെട്ട്, തുടക്കം, ഖണ്ഡികാകരണം, ഒടുക്കം) പാലിച്ചിട്ടുണ്ട്.

24. പ്രതികരണക്കുറിപ്പ്

* 'കൊച്ചുചക്കരച്ചി' എന്ന പാഠഭാഗത്തിന്റെ സവിശേഷതകൾ വ്യക്തമാക്കിയിട്ടുണ്ട്.
* ആശയം വ്യക്തമാക്കിയിട്ടുണ്ട്.
* ഗ്രാമഭംഗിയുടെയും ഗ്രാമീണ സംസ്കാരത്തിന്റെയും പ്രാധാന്യം തിരിച്ചറിഞ്ഞിട്ടുണ്ട്.
* സ്വന്തം പ്രതികരണം എഴുതിയിട്ടുണ്ട്.
* സംക്ഷിപ്തമായി ആശയവ്യക്തതയോടെ ചെറുവാക്യങ്ങളിൽ എഴുതിയിട്ടുണ്ട്.